നമ്പർ 5055/2023 തീയതി 15/12/2023

ശ്രീ സുധാകരൻ , മാവുള്ളപറമ്പിൽ എന്നവർ തദ്ദേശ സ്വയംഭരണവകുപ്പ് അദാലത്തിൽ നല്കിയ പരാതിയിൽ ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിക്കുന്ന റിപ്പോർട്ട്

ശ്രീ സുധാകരൻ , മാവുള്ളപറമ്പിൽ എന്നവരുടെ ഉടമസ്ഥതയിലുള്ള 2/76 എ നമ്പർ വീടിൻറെ ഒന്നാം നിലയിൽ നിർമ്മാണം നടത്തുന്നതിന് പെർമിറ്റ് ലഭിക്കുന്നതിനാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. 14/08/2023 തീയതിയിൽ അപേക്ഷ ഫ്രണ്ട് ഓഫീസിൽ ലഭിച്ചു. അപേക്ഷ 22/08/22023 തീയതിയിൽ അന്വേഷണചുമതലയുള്ള ഓവർസീയർക്ക് കൈമാറിയിട്ടുണ്ട്. അപേക്ഷയിൽ അന്വേഷണം നടത്തി 30/09/2023 തീയതിയിൽ സന്ധ്യ സി , ഓവർസീയർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ചുമർനിർമ്മാണം ആരംഭിച്ചതിനാൽ നിർമ്മാണം ക്രമവൽക്കരിക്കണമെന്ന് ഓവർസീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 106.75 ച.മീ വിസ്തീർണമുള്ള വീടിൻറെ ഒന്നാം നിലയിൽ 71.95 ച. മീ വിസ്തീർണത്തിൽ നിർമ്മാണം നടത്തുന്നതിനുള്ള അപേക്ഷയിൽ ഓവർസീയറുടെ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ 14390/- രൂപ ( 71.95 m2 *200) ക്രമവൽക്കരണഫീ അടവാക്കുന്നതിന് 03/10/2023 ന് അപേക്ഷകന് ഓഫീസിൽ നിന്നും അറിയിപ്പ് നല്കിയിട്ടുണ്ട്.

അപേക്ഷ സമർപ്പിച്ച് 20 ദിവസം കഴിഞ്ഞശേഷമാണ് വീട് പണി ആരംഭിച്ചതെന്നും അറിവില്ലായ്മ കാരണം ഉണ്ടായ വീഴ്ച മാപ്പാക്കി പെർമിറ്റ് ഫീസിൽ ഇളവ് ചെയ്തുതരണമെന്നാവശ്യപ്പെട്ട് 08/11/2023 തീയതിയിൽ ടിയാൻ ഓഫീസിൽ അപേക്ഷ നല്കിയിട്ടുണ്ട്. കൂടാതെ ഇതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണവകുപ്പിൻറെ അദാലത്തിൽ ടിയാൻ പരാതി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പെർമിറ്റ് അപേക്ഷ പ്രകാരം സൈറ്റ് പരിശോധിക്കുന്ന സമയത്ത് ഏകദേശം മൂന്ന് വരിയോളം

ച്ചമർനിർമ്മിച്ചതായും ഒക്യുപെൻസി അനുവദിക്കാവുന്ന രീതിയിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലെന്നും പരാതി പരിശോധിച്ച് ഓവർസീയർ റിപ്പോർട്ട് നല്കിയിട്ടുണ്ട്. ആയതിൻറെ അടിസ്ഥാനത്തിൽ ഫീ പുനപരിശോധിച്ച് പെർമിറ്റ് ഫീ മാത്രം അടവാക്കുന്നതിന് പരാതിക്കാരന് അറിയിപ്പ് നല്കിയിട്ടുണ്ടെന്ന വിവരം ബോധിപ്പിക്കുന്നു

വിശ്വസ്തതയോടെ ,

CHANGAROTH GRAMA PANCHAYAT OFFICE
* PO KADIYANGAD *

Secretary
Changaroth Grama Panchayat
Kadiyangad (Po) Pin: 673525
Phone: 9496048161